
CONSOLE HEALTH NEWS

13
AUGUST 2023

Published by Console Medical Charitable Trust, Chavakkad +91 9846 797 797 | info@consolemct.com
President : Er. Abdhul Latheef Ammengara, General Secretary : Adv. Sujith Ayinippully, Treasurer : P. V. Abdumash Console

# ഡയാലിസിസ് രോഗികളെ പിന്തുണയ്ക്കു

## നിങ്ങളുടെ സഹായം ഒരു ജീവിതമാണ്...



0487 2502900, 9074 791 736 www.consolemct.com

# EDITORIAL

ജീവകാരുണ്യ പ്രവർത്തന രംഗത്ത് പതിമൂന്ന് വർഷം പിന്നിടുമ്പോൾ തുടങ്ങി വെച്ച എല്ലാ സംരംഭങ്ങളിലും മുന്നിട്ട് നിൽക്കുന്നു എന്ന യാഥാർത്ഥ്യം കൺസോളിന് നൽകുന്നത് വലിയ ആത്മസംതൃപ്തിയാണ്. സർക്കാർ അംഗീകാരങ്ങളായ 12 AA & 80 G സർട്ടിഫിക്കറ്റുകളും CSR ആനുകൂല്യങ്ങൾക്കും പുറമെ I S O സർട്ടിഫിക്കറ്റും ലഭിച്ചു കഴിഞ്ഞു. നിർദ്ധനരായ വൃക്ക രോഗികൾക്ക് നൽകുന്ന ആജീവനാന്ത ഡയാലിസിസ് സഹായം 75 രോഗികൾക്ക് വരെ എത്തിക്കാൻ കഴിയുന്നു. എല്ലാ മാസവും ആദ്യത്തെ ഞായറാഴ്ച രോഗികളുടെ കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി സമൂഹത്തിലെ പ്രശസ്ത വ്യക്തികളുടെ നേതൃത്വത്തിൽ സാന്ത്വന സംഗമങ്ങൾ സംഘടിപ്പിക്കുന്നു. കൂടാതെ ഓണം പെരുന്നാൾ എന്നീ ആഘോഷ വേളകളിൽ കൺസോൾ മുഖേന അവർക്ക് സമ്മാനങ്ങളും ഭക്ഷണ കിറ്റുകളും നൽകുന്നു. വിവിധ കേന്ദ്രങ്ങളിൽ ആരോഗ്യ ദിനങ്ങളോട് അനുബന്ധമായി ഡോക്ടർമാരുടെ ക്ളാസ്സുകൾ, രക്ത ദാന കേന്ദ്രങ്ങൾ, രോഗ നിർണ്ണയ ക്യാമ്പുകൾ, ലീഫ് ലെറ്റ് വിതരണം എന്നിവ സംഘടിപ്പിച്ചു. കൺസോളിന്റെ പ്രവർത്തനങ്ങൾക്ക് താങ്ങും തണലുമായി പ്രവർത്തിക്കുന്ന പ്രവാസികൾക്കും നാട്ടുകാർക്കുമായി വിവിധ ആശുപത്രികളിൽ പ്രത്യേക പരിഗണനയും ആനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള പ്രിവി ലേജ് കാർഡുകൾ തയ്യാറാക്കി വരികയാണ്. കൺസോളിന്റെ പ്രവർത്തനം ചാവക്കാട് താലൂക്കിനപ്പുറം ജില്ലാ തലങ്ങളിലേക്കും വികസിപ്പിച്ച് സംസ്ഥാന വ്യാപകമാക്കുന്നതിനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നത്. കൺസോൾ സെൻറർ കെട്ടിട നിർമ്മാണ പ്രവർത്തനം സജീവമാക്കുന്നതിനായി കൺസോൾ കമ്മിറ്റി രൂപീകരിച്ചു എന്നത് കൺസോളിന്റെ വികസനത്തെ കൂടുതൽ വിപുലമാക്കുന്നു.

## *കൺസോൾ സാന്ത്വന സംഗമവും ഓണാഘോഷവും സംഘടിപ്പിച്ചു*




ചാവക്കാട് : കൺസോൾ മെഡിക്കൽ ചാരിറ്റബിൾ ട്രസ്റ്റ്, ആജീവനാന്ത സംരക്ഷണയിലുള്ള ഡയാലിസിസ് രോഗികൾക്കും കുടുംബാംഗങ്ങൾക്കും വേണ്ടി ഓണാഘോഷവും സാന്ത്വന സംഗമവും സംഘടിപ്പിച്ചു. കേരള സംഗീത നാടക അക്കാദമി, കേരള കലാമണ്ഡലം അവാർഡ് ജേതാവ് കലാരത്ന ഗോപിനാഥ് മണലൂർ പരിപാടി ഉദ്ഘാടനം ചെയ്തു. മുഖ്യാതിഥിയായി ഓർത്തോ പീഡിക് ചീഫ് കൺസൽട്ടന്റ് ഡോക്ടർ ശ്രീജിത്ത് ശ്രീനിവാസ് പങ്കെടുത്തു. സമൂഹത്തിൽ ചാരിറ്റി പ്രവർത്തനങ്ങൾക്കുള്ള പ്രാധാന്യത്തെ പറ്റി മണലൂർ ഗോപിനാഥ് തുള്ളൽ പാട്ടിലൂടെ അവതരിപ്പിച്ചത് ശ്രദ്ധേയമായി. മനുഷ്യരുടെ രോഗാവസ്ഥകളെ കുറിച്ചും പ്രതിരോധ പ്രവർത്തനങ്ങളെ കുറിച്ചും പ്രകൃതി രഹസ്യങ്ങളെ






കുറിച്ചും ഡോക്ടർ ശ്രീജിത്ത് ശ്രീനിവാസ് വിശദീകരിച്ചു. തുടർന്ന് ഓണക്കോടികളും ഡയാലിസിസ് സഹായവും വിതരണം ചെയ്തു. കൺസോൾ പ്രസിഡണ്ട് Er. അബ്ദുൽ ലത്തീഫ് അമ്മെങ്ങര അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജനറൽ സെക്രട്ടറി അഡ്വ. സുജിത് അയിനിപ്പുള്ളി സ്വാഗതം ആശംസിച്ചു. കൺസോൾ ഉടനെ ആരംഭിക്കുന്ന പുതിയ ചാരിറ്റബിൾ പ്രവർത്തനങ്ങളെ കുറിച്ച് ട്രസ്റ്റിമാരായ വി.എം.സുകുമാരൻ മാസ്റ്ററും സി.കെ. ഹക്കീം ഇമ്പാർക്കും വിവരണങ്ങൾ നൽകി. പ്രവാസി പ്രതിനിധികളായ റംഷാദ്, ഷാജി ആലിൽ, ഷാനവാസ്, ഷാഹുൽ, സക്കറിയ, മുഹമ്മദ് യുസുഫ്, അനീഷ് പാലയൂർ എന്നിവർ ആശംസകൾ നേർന്നു. ഓണസമ്മാനങ്ങൾ പ്രവാസി പ്രതിനിധിയും ട്രസ്റ്റീയുമായ ആർ.വി. കമറുദ്ധിൻ വകയായി കൺസോളിന് നൽകുകയായിരുന്നു.ട്രസ്റ്റിമാരായ ജമാൽ താമരത്ത്, നൌഷാദ് അലി, കാസിം എന്നിവരും സാന്ത്വന സംഗമത്തിൽ പങ്കു ചേർന്നു. ട്രഷറർ അബ്ദു മാഷ് നന്ദി പറഞ്ഞു.

## 'സ്നേഹ നിധികളായ മനുഷ്യർ'

അബ്ദു മാഷ്

ആശുപത്രിയിലെ ബില്ലടക്കാൻ കഴിയാത്തതിനാൽ മരിച്ച രോഗിയെ തിരിച്ചു കൊണ്ടുപോകാൻ കഴിയാതിരുന്ന ബന്ധുക്കൾക്ക് സഹായമായി ഒരിക്കൽ സ്വന്തം കയ്യിലെ സ്വർണ്ണവള ഊരിക്കൊടുത്ത വനിതാ പോലീസിനെ പത്രക്കാർ പുകഴ്ത്തിയത് 'കാക്കിക്കുള്ളിലെ മാലാഖ' എന്നായിരുന്നു! മനുഷ്യ സ്നേഹത്തിന്റെ ഉറവ വറ്റിക്കൊണ്ടിരിക്കുന്ന സമൂഹത്തിൽ ഇങ്ങനെയുള്ള സംഭവങ്ങൾ ചാറ്റൽ മഴ പോലെയാണ്. പണ്ടുകാലത്ത് മാതൃകാപരമായ പരസഹായങ്ങൾ പലതും ഉണ്ടായിരുന്നു. മരിച്ച വീട്ടിലെ കാര്യങ്ങളൊക്കെ പരിപാലിച്ചിരുന്നത് അയൽക്കാരും ബന്ധപ്പെട്ടവരുമായിരുന്നു. ഭക്ഷണസാധനങ്ങളായും പൈസയായും സഹായങ്ങൾ എത്തും. പുതിയ പുരയിൽ താമസം തുടങ്ങുമ്പോഴും കല്യാണങ്ങൾക്കും തടി സഹായം മുതൽ ധനസഹായം വരെ ഉണ്ടാകും. വിവാഹ പന്തൽ ഇടുന്നതും ഭക്ഷണം വിളമ്പുന്നതും അയൽക്കാർ തന്നെയായിരിക്കും. എന്നാൽ ഇന്ന് ഇതെല്ലാം വിവാഹ ഹാളുകാരും കാറ്ററിംഗ്കാരും ഏറ്റെടുത്ത് കഴിഞ്ഞു. വിവാഹം ആലങ്കാരികമായ സൽക്കാരമായി ഞങ്ങളുടെ അയൽപക്കത്തെ ഒരു അമ്മ രാത്രിയിൽ ഒരു സ്ട്രോക് പറ്റി വീണു ബോധരഹിതമായി. വിവരം അറിഞ്ഞ സമീപ പ്രദേശത്ത് താമസിക്കുന്ന ഡോക്ടർ ഓടിയെത്തി.

വിഷമാവസ്ഥയിലായതിനാൽ രോഗിയെ ഉടനെ ആശുപത്രിയിലെത്തിക്കണമെന്ന് പറഞ്ഞ ഡോക്ടർ അദ്ദേഹത്തിന്റെ കാറും താക്കോലും തൊട്ടടുത്ത ഒരു ഡ്രൈവറെ ഏൽപ്പിച്ചു. അമ്മയെ ഞങ്ങൾ കാറിൽ കിടത്തുമ്പോഴേക്കും അടുത്ത വീട്ടിലെ ചേട്ടനും ചേച്ചിയും ആരും ആവശ്യപ്പെടാതെ തന്നെ കാറിൽ കയറി. അന്നത്തെ ആശുപത്രി ചെലവ് മുഴുവനും അവർ സ്വയം വഹിച്ചു. എന്നാൽ ഇന്ന് ഇത് പോലെ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ സ്ഥാപനങ്ങൾ നിലവിൽ വന്നു.

നമ്മുടെ നാട് കുടിലുകളുടെയും കൊട്ടാരങ്ങളുടെയും നാടാണ്. 'ഉള്ളവർ ഇല്ലാത്തവർക്ക് കൊടുക്കണം' എന്ന തിരുവചനം പാലിക്കപ്പെടുകയായിരുന്നുവെങ്കിൽ നമ്മുടെ നാട് സമത്വ സുന്ദരമാകും. ഇതിനിടയിൽ ഭിക്ഷാടനം തൊഴിലാക്കിയവരും ഇവിടെയുണ്ട്. ചെലവ് ഒന്നും ഇല്ലാതെ വരുമാനം മാത്രമുള്ള ഭിക്ഷക്കാർ ദരിദ്രർ അല്ല എന്ന് വഴിയോരങ്ങളിൽ കിടന്നുറങ്ങുന്ന ഇവരെ കണ്ടാൽ പറയാൻ തോന്നുകയില്ല. ഇത്തരക്കാരെ സംരക്ഷിക്കാൻ സർക്കാരിന്റെ സ്നേഹ സംവിധാനങ്ങൾ ശക്തമാക്കണം. മദ്യത്തിനും മയക്കു മരുന്നിനും അടിമപ്പെട്ടവരെ തിരഞ്ഞുപിടിച്ച് സർക്കാരിന്റെ സാന്ത്വന കേന്ദ്രങ്ങളിൽ അടച്ചിടണം.

ഇല്ലാത്തവരെ ഉള്ളവരാക്കാൻ ഉടനെ കഴിയില്ലെങ്കിലും ഉള്ളത് കൊണ്ട് ഉള്ളഴിഞ്ഞ് കൊടുക്കാൻ കഴിയുന്നവർ കൃതാർത്ഥരും കൃതകൃത്യരുമാകും. ഇങ്ങനെയുള്ള സ്നേഹ നിധികളായ മനുഷ്യർ സമൂഹത്തിൽ വെളിച്ചം പകർന്ന് തെളിഞ്ഞു വരേണ്ടവരാണ്.

# HEALTH TIPS

## *ദിവസവും അര മണിക്കൂറെങ്കിലും നടക്കൂ... എങ്കിൽ :*

1. രക്തസമ്മർദ്ദം ( B.P.) കുറക്കാം.
2. വിഷാദ രോഗത്തിൽ നിന്ന് രക്ഷപ്പെടാം.
3. സ്തനങ്ങൾ, കുടലുകൾ എന്നിവയെ ബാധിക്കുന്ന കേൻസറിൽ നിന്ന് സംരക്ഷണം നേടാം.
4. ഹൃദയാഘാതം, പക്ഷാ ഘാതം, പ്രമേഹം എന്നിവ വരാനുള്ള സാധ്യത കുറക്കാം.
5. ഓർമ്മശക്തി കൂട്ടാം.
6. ശാന്തമായ മന:സ്ഥിതി നേടാം.

- Ethnic Health Court -